കാസർഗോഡ് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന് അനുമതി

64 (1374) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 200 കിടക്കകളുള്ള കാസർഗോഡ് താലൂക്ക് ഗവൺമെന്റ് ആശുപത്രിയുടെ 7 നില കെട്ടിടത്തിന്റെ ഭരണാനുമതിയും പ്രത്യേകാനുമതിയും സാങ്കേതികാനുമതിയും എന്നാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ പണി എന്നാണ് ആരംഭിച്ചത് ;

(ഡി) ഇപ്പോൾ കെട്ടിടത്തിന്റെ നിർമ്മാണം ഏത് ഘട്ടം വരെ എത്തിയെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത കെട്ടിടത്തിന്റെ പണി എന്നേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭരണാനുമതിയും പ്രത്യേകാനുമതിയും 31-7-1992-ലും സാങ്കേതികാനുമതി 29-6-1995-ലുമാണ് നൽകിയത്.

(ബി) 1,54,20,000 രൂപ.

(സി) 1-12-1995-ൽ.

(ഡി) പ്രധാന കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് പൂർത്തിയായി. പ്ലാസ്റ്ററിംഗ് ജോലി പുരോഗമിച്ചുവരുന്നു.

(ഇ) ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കടലുണ്ടിക്കടവ് പാലത്തിന്റെ നിർമ്മാണം

65 (1375) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കടലുണ്ടിക്കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഈ പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2005 ഡിസംബറിൽ പൂർത്തിയാകുംവിധം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly